# NEW TECH

## DIGI MAGAZINE



# St. FRANCIS ASSISI HSS ARTHUNKAL

# ഉള്ളടക്കം


| | | |
|---|---|---|
| 1. | സന്ദേശം | 4 |
| 2. | എഡിറ്റോറിയൽ | 5 |
| 3. | യുദ്ധഭൂമിയിൽ നിന്നും ഒരു മടക്കയാത്ര | 6 |
| 4. | നാടൻപാട്ട് | 8 |
| 5. | സ്കൂൾ വാർഷികം | 9 |
| 6. | നല്ല പാഠങ്ങൾ | 11 |
| 7. | നൂറ്റാണ്ടിന്റെ പ്രളയം | 12 |
| 8. | നിങ്ങൾക്കറിയാമോ | 14 |
| 9. | THE GOLDEN TOUCH | 16 |
| 10. | അന്നമ്മയുടെ പട്ടി | 17 |
| 11. | ALOEVERA DRINKS RECIPE | 18 |
| 12. | പ്രകൃതി | 19 |
| 13. | SOULFUL WOES | 20 |
| 14. | TIPS FOR SAFE SOCIAL NETWORKING | 21 |
| 15. | SAVING OUR NATURE | 22 |
| 16. | MOTHER THE ULTIMATE CARING HANDS | 23 |
| 17. | കാർട്ടൂൺ | 24 |
| 18. | വൈദ്യുതി ഉപയോഗിക്കുമ്പോൾ | 26 |
| 19. | പഴഞ്ചൊല്ലുകൾ | 27 |
| 20. | കേഴുന്ന പുഴ | 28 |
| 21. | കടങ്കഥകൾ | 29 |
| 22. | നന്ദി | 30 |

# എഡിറ്റോറിയൽ ബോർഡ്

***റീനിറ്റ ഇമ്മാനുവൽ – ചീഫ് എഡിറ്റർ***

*ജിയ പി ജിൻസി*

*ആൻമേരി*

*ഡിനി ജോൺ*

*ബൊവാസ് ഇമ്മാനുവൽ*

*ഗ്രീഷ്മ ജി*

*ലിഥിയ സരോഷ്*

*ഫ്രീജൻ പി എഫ്*

# സന്ദേശം



**കാ**ലം മുൻപേ പറക്കുന്നു. കാലത്തിനൊപ്പം പറക്കാതെ തരമില്ല. നിമിഷാർധങ്ങൾ മതി സാങ്കേതിക വിദ്യകൾ മാറിമറിയാൻ. സാങ്കേതിക വിദ്യ നോക്കി സമൂഹത്തെ വിലയിരുത്തുന്ന കാലം. വിദ്യാഭ്യാസ മേഖലയും വലിയ മാറ്റത്തിന്റെ പാതയിലാണ്. ഓരോ വിദ്യാർഥിയും ലാപ് ടോപ്പ് ഉപയോഗിച്ച് പഠിക്കുന്ന കാലം ഒട്ടും അകലെയല്ല. പൊതു വിദ്യാഭ്യാസം അതിവേഗത്തിൽ ഹൈടെക് സംവിധാനത്തിലേയ്ക്ക് കുതിക്കുന്നു.
ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഡിജിറ്റലായി തയ്യാറാക്കിയിരിക്കുന്ന ഈ മാഗസീനും മാറ്റത്തിന്റെ കാഹളമാണ് മുഴക്കുന്നത്. സാങ്കേതിക വിദ്യകൾ അനായാസം കൈകാര്യം ചെയ്യുന്ന നാൽപ്പതംഗ ടീമിന്റെ ഈ പ്രഥമ സംരംഭത്തിന് ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു.

പി ആർ യേശുദാസ്
ഹെഡ്മാസ്റ്റർ
സെന്റ്ഫ്രാൻസീസ് അസ്സീസിഎച്ച്എസ്എസ്
അർത്തുങ്കൽ

അർത്തുങ്കൽ
19.01.2019

എഡിറ്റോറിയൽ

# പുരോഗതിക്കായുള്ള ടെക്നോളജി

**സാ**ങ്കേതിക വിദ്യ ബഹിരാകാശവും കടന്ന് കുതിച്ച് തുടങ്ങിയിട്ട് വർഷങ്ങൾ പിന്നിടുന്നുണ്ടെങ്കിലും സാധാരണക്കാരന്റെ ജീവിതത്തെ അത് സ്വാധീനിച്ച് തുടങ്ങിയിട്ട് അധിക കാലമായിട്ടില്ല. പക്ഷേ ആ കുറഞ്ഞ കാലം കൊണ്ട് അത് താണ്ടിയ ഉയരങ്ങൾ അളവുകോലുകൾക്കുമപ്പുറത്തേയ്ക്ക് കവിഞ്ഞിരിക്കുന്നു.

ഒരു ഡിജിറ്റൽ മാഗസിൻ ഇക്കാലത്ത് ഒരു പുതുമയേ അല്ല. പക്ഷേ ലിറ്റിൽ കൈറ്റ് അംഗങ്ങൾ ചേർന്ന് അത് ഒരുക്കുന്നത് ഇത് ആദ്യമായാണ്. അതുകൊണ്ടു തന്നെ ഏറെ അഭിമാനത്തോടെയാണ് **NEW TECH DIDGI MAGAZINE** സഹൃദയർക്കുമുന്നിൽ സമർപ്പിക്കുന്നത്. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ തയ്യാറാക്കിയ ഈ മാഗസീൻ ഒത്തിരി അവകാശവാദങ്ങൾ നിരത്താതെ സമർപ്പിക്കുകയാണ് .. സ്വീകരിച്ചാലും..

സ്നേഹത്തോടെ

റിനീറ്റ ഇമ്മാനുവൽ
ചീഫ് എഡിറ്റർ

# യുദ്ധഭൂമിയിൽ നിന്നും ഒരു മടക്കയാത്ര



**അനിഷ്ക ദീപു . എട്ട് എ**

പ്രകൃതിയുടെ എല്ലാ വരദാനങ്ങളും ലഭിച്ചിട്ടുള്ള ശിവപുരി എന്ന ഗ്രാമം. അവിടത്തെ സമ്പന്നമായ ഒരു തറവാട്ടിലെ വിശ്വംഭരനും ഭാര്യ ഭാരതിക്കും ഒരാൺകുഞ്ഞ് ജനിച്ചു. അമ്മ അവനെ സ്നേഹത്തോടെ കണ്ണൻ എന്നു വിളിച്ചു. അച്ഛൻ അവന് നൽകിയ പേര് രുദ്രൻ എന്നായിരുന്നു. അവർ സന്തോഷത്തോടെ ജീവിച്ചു. പക്ഷേ, ആ സന്തോഷം അധിക നാൾ നീണ്ടു നിന്നില്ല. അവന്റെ അച്ഛൻ ഒരപകടത്തിൽ മരണപ്പെട്ടു. അതോടെ അവനും അമ്മയും ഒറ്റയ്ക്കായി. അതോടെ വീട്ടിലെ സമ്പത്ത് ക്രമേണ ക്ഷയിച്ചു തുടങ്ങി. കഷ്ടപ്പാടുകൾക്കിടയിലും അമ്മ അവനെ പഠിപ്പിച്ചു.

കണ്ണന് അമ്മയെ വളരെ ഇഷ്ടമായിരുന്നു. ഒരു കാര്യത്തിലും അവൻ അമ്മയെ വേദനിപ്പിച്ചില്ല. പക്ഷേ, വലുതായപ്പോൾ അവനൊരാഗ്രഹം - പട്ടാളത്തിൽ ചേരണം. അമ്മ ഒരു തരത്തിലും ഈ ആഗ്രഹത്തെ പ്രോത്സാഹിപ്പിച്ചില്ല. അവൻ തന്നിൽ നിന്ന് അകന്നുപോകുമോ എന്ന ചിന്തയായിരുന്നു അമ്മയ്ക്ക്.


അത്താഴം വിളമ്പിവച്ച് അമ്മ അവനെ വിളിച്ചു. അവൻ വന്ന് ഭക്ഷണത്തിനു മുന്നിലിരുന്നു. അവന്റെ മുഖത്ത് വളരെ



സങ്കടമുണ്ടായിരുന്നു. സ്നേഹത്തോടെ അവനെ പിന്തിരിപ്പിക്കാൻ അമ്മ ശ്രമിച്ചു. അവൻ വളരെ സൗമ്യമായ് അമ്മയെ കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്താൻ ശ്രമിച്ചു. അപകടം നിറഞ്ഞതാണെങ്കിലും രാജ്യത്തിനുവേണ്ടിയുള്ള ജോലിയല്ലേ. പട്ടാളക്കാർ ഉള്ളതുകൊണ്ടല്ലേ നമ്മൾ സമാധാനമായി ജീവിക്കുന്നത്. എല്ലാ അമ്മമാരും ഇങ്ങനെ ചിന്തിച്ചിരുന്നെങ്കിൽ രാജ്യത്തിന്റെ സ്ഥിതി എന്താകുമായിരുന്നു..... മകന്റെ വാക്കുകൾ അമ്മയിൽ ചലനങ്ങൾ സൃഷ്ടിച്ചു. അമ്മ നിറഞ്ഞ മനസ്സോടെ അവന്റെ ആഗ്രഹത്തിന് സമ്മതം മൂളി.

പരീക്ഷകളും കഠിന പരിശീലനങ്ങൾക്കുമൊടുവിൽ രാജ്യത്തിന്റെ കാവൽക്കാരനായി കണ്ണൻ നിയമിക്കപ്പെട്ടു. ശത്രുക്കൾക്കെതിരെ അതിശക്തമായ യുദ്ധങ്ങൾ... പുതിയ തന്ത്രങ്ങൾ ... കണ്ണൻ സൈന്യത്തിൽ ശ്രദ്ധാകേന്ദ്രമായി മാറാൻ അധിക നാൾ വേണ്ടി വന്നില്ല.

അതി ശക്തരായ ശത്രുക്കൾക്കെതിരെ യുദ്ധ ഭൂമിയിലേയ്ക്കുള്ള ഒരു യാത്രാവേളയിൽ അവനെ തീവ്രദുഃഖത്തിലേയ്ക്ക് തള്ളിയിട്ട് അമ്മയുടെ മരണ വാർത്തയെത്തി. പക്ഷേ രാജ്യ സുരക്ഷയ്ക്കായിരുന്നു അവന്റെ മനസ്സിൽ ഒന്നാം സ്ഥാനം. യുദ്ധ ഭൂമിയിൽ സഹസൈനികർ വീര മൃത്യു വരിച്ചുകൊണ്ടേയിരുന്നു. അത്രയ്ക്ക് ശക്തരായിരുന്നു ശത്രുക്കൾ. കണ്ണനും പരുക്കേറ്റു. പക്ഷേ, തന്ത്രപരമായ നീക്കങ്ങൾക്കൊടുവിൽ അവശേഷിച്ച സൈന്യം കണ്ണന്റെ നേതൃത്വത്തിൽ ശത്രുരാജ്യത്ത് സ്വന്തം മൂവർണ്ണക്കൊടി നാട്ടി. ആ വിജയത്തിന്റെ ആഘോഷച്ചടങ്ങുകളിൽ പങ്കെടുക്കാൻ പക്ഷേ കണ്ണനുണ്ടായിരുന്നില്ല. ശിവപുരിയിലേയ്ക്കു നീങ്ങിക്കൊണ്ടിരുന്ന സൈന്യത്തിന്റെ വണ്ടിയിൽ ത്രിവർണ്ണപതാകയിൽ അവൻ ശാന്തനായി ഉറങ്ങുകയായിരുന്നു... അമ്മയുടെ ലോകത്തേയ്ക്കുള്ള മടക്കയാത്ര ...



# നാടൻ പാട്ട്



*അലിയ ലിൻ സിബി 8 G*

താനെന്തോ നന്തിന ന്താനേ
താനെന്തോ നന്തിന ന്താനേ
താനെന്തോ നന്തിന ന്താനേ
താനെന്തോ നന്തിന ന്താനേ
കണ്ണോണ്ടങ്ങനെ നോക്കല്ലേ പെണ്ണേ
നിന്നു ചിരിക്കല്ലേടീ
നിന്നോടെനിക്കെന്തോ തോന്നുന്നേടീ

താനെന്തോ നന്തിന ന്താനേ (4)

മുട്ടോളം മുടിയുള്ള പെണ്ണേ
മുല്ലപ്പൂ നിറമുള്ള പെണ്ണേ
നിന്നോടെനിക്കെന്തോ തോന്നുന്നേടീ

താനെന്തോ നന്തിന ന്താനേ (4)
കൈവിട് കരിവള വിട്
വഴിവക്കിന്നു മാറെട കള്ളാ
എന്നോട്ട കളിക്കുമ്പോൾ നീ സൂക്ഷിച്ചോടാ...

താനെന്തോ നന്തിന ന്താനേ (4)
എനിക്കഞ്ച് ആങ്ങളമാര്
കരിവീട്ടിക്കരി വീരന്മാര്
എന്നോട്ട കളിക്കുമ്പോൾ നീ സൂക്ഷിച്ചോടാ ...
താനെന്തോ നന്തിന ന്താനേ (4)

നാവാട്ടം വേണ്ടെന്റെ പെണ്ണേ
കളിയഞ്ചും കളിച്ചവനാടീ
നിന്നെയും കൊണ്ടേ ഞാനും പോകേയുള്ളൂ..

താനെന്തോ നന്തിന ന്താനേ (4)

വാർത്താവേദി

# സ്കൂൾ വാർഷികം



**അ**ർത്തുങ്കൽ സെന്റ് ഫ്രാൻസീസ് അസ്സീസി ഹയർസെക്കണ്ടറി സ്കൂൾ വാർഷികം 2019 ജനുവരി 4, 5 തീയതികളിൽ ആഘോഷിച്ചു. നാലിന് സ്കൂൾ മാനേജർ ഫാ. ക്രിസ്റ്റഫർ എം അർഥശേരിൽ പതാക ഉയർത്തി. തുടർന്ന് അർത്തുങ്കൽ ബസിലിക്ക ദേവാലയത്തിൽ കൃതജ്ഞതാ ബലി ഉണ്ടായിരുന്നു. സ്കൂളിലെ എല്ലാ കുട്ടികൾക്കും ബിരിയാണി വിതരണവും നടത്തി.

അഞ്ചിന് വൈകിട്ട് അഞ്ചിന് വിശിഷ്ടാതിഥികൾക്ക് സ്വീകരണം നൽകി. സ്കൂൾ അങ്കണത്തിൽ നടന്ന പൊതുസമ്മേളനം മന്ത്രി പി.തിലോത്തമൻ ഉദ്ഘാടനം ചെയ്തു. ഹൈടെക് ക്ലാസ്റൂമുകളുടെ ഉദ്ഘാടനം കെ. സി. വേണുഗോപാൽ എം പി നിർവഹിച്ചു. സ്കൂൾ മാനേജർ ഫാ.ക്രിസ്റ്റഫർ എം അർഥശേരിൽ സ്വാഗതം ആശംസിച്ചു. ആലപ്പുഴ രൂപത വികാരി ജനറൽ മോൺ. പയസ് ആറാട്ടുകുളം അധ്യക്ഷത വഹിച്ചു. സെലിബ്രിറ്റി ഗസ്റ്റായ സിനിമാതാരം സിജോയ് വർഗ്ഗീസ് വിരമിക്കുന്ന അധ്യാപകർക്ക് മംഗളപത്രം സമർപ്പിച്ചു. പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ ജിമ്മി കെ ജോസ് വിരമിക്കുന്ന അധ്യാപകരെ പൊന്നാടയണിച്ച് ആദരിച്ചു. സ്കൂൾ ഡപ്യൂട്ടി ഹെഡ്മിസ്ട്രസ് പി ജെ സീന ഡിജിറ്റൽ റിപ്പോർട്ട് അവതരിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ലീലാമ്മ, ചേർത്തല ഡിഇഒ ബീന റാണി, പഞ്ചായത്തംഗം പി പി സോമൻ, ബ്ലോക്ക് പഞ്ചായത്തംഗം മേരി ഗ്രേസ് സെബാസ്റ്റ്യൻ, മുൻ ഹെഡ്മാസ്റ്റർ കെ എസ് പയസ്, പിടിഎ പ്രസിഡന്റ് ബെന്നി പഴമ്പാശേരി, അധ്യാപകരായ എ എ ഫെലിക്സ്, കെ.ജെ.യേശുദാസ്, കെ.ഡി.ടോമി, വിദ്യാർഥി പ്രതിനിധി കുര്യൻ ജൊനാൾഡ് വാസ്, വിരമിക്കുന്ന ഹെഡ്മാസ്റ്റർ പി ആർ യേശുദാസ്, വിരമിക്കുന്ന

അധ്യാപകരായ പി.ജെ. ക്രിസ്റ്റഫർ, എമിലി മേഴ്സി, കെ.ബി.സൂസി, സാലിതോമസ് പ്രിൻസിപ്പൽ കെ.ജെ. നിക്സൺ കൃതജ്ഞത അർപ്പിച്ചു.
തുടർന്ന് വിദ്യാർഥികളുടെ കലാപരിപാടികളും പുന്നപ്ര ജ്യോതികുമാറും സംഘവും അവതരിപ്പിച്ച നാടൻപാട്ടും ഉണ്ടായിരുന്നു.






വിശിഷ്ടാതിഥികളെ അർത്തുങ്കൽ ബസിലിക്കയിൽ നിന്ന് സ്വീകരിച്ചാനയിക്കുന്നു.

# നല്ല പാഠങ്ങൾ

*നാം കുട്ടികളാണ് .... നല്ല ശീലങ്ങൾ പഠിക്കേണ്ടവർ .*
*ചൊട്ടയിലെ ശീലം ചുടലവരെ എന്നാണല്ലോ .*
*നമ്മുക്ക് ചില നല്ല ശീലങ്ങൾ പഠിക്കാം ...*

**മുതിർന്നവരെ ബഹുമാനിക്കുക**

**ശുചിത്വം പാലിക്കുക**

**അച്ചടക്കം ശീലിക്കുക**

**മറ്റുള്ളവരെ സഹായിക്കാൻ പഠിക്കുക**

**മറ്റുള്ളവരുടെ സന്തോഷത്തിലും സന്താപത്തിലും പങ്കുചേരുക**

**ഗുരുവിനെ അനുസരിക്കുക**

**നല്ല വ്യക്തിത്വങ്ങളെ മാതൃകയാക്കുക**

**പ്രാർത്ഥന ശീലമാക്കുക**

**പ്രകൃതി സംരക്ഷകരാകുക**

**നമ്മുടെ കർത്തവ്യങ്ങളിൽ ബോധമുള്ളവരാകുക**



**സാനിയ സെബാസ്റ്റ്യൻ 9 ജി**

# നൂറ്റാണ്ടിന്റെ പ്രളയം

**ലേഖനം**

**ആനന്ദ് സെബാസ്റ്റ്യൻ 9 ബി**



2018 ആഗസ്റ്റ് 9 കേരള ചരിത്രത്തിലെ മഹാസങ്കടങ്ങളുടെയും നഷ്ടപ്പെടലുകളുടെ യും ദിനമാണ്. മൺസൂൺകാലത്ത് പെയ്ത അധിക മഴ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയമായി മാറുകയും ഏകദേശം 500 പേരുടെ ജീവനെടുക്കുകയും ചെയ്തു. കേരളത്തിലെ ആറിലൊരാളെ പ്രളയം ഏതെങ്കിലും വിധത്തിൽ ബാധിക്കുകയുണ്ടായി. 1924 ലെ മഹാപ്രളയത്തെക്കാളും ശക്തമായിരുന്ന 99 ലെ പ്രളയം. വസ്തുവകകൾക്ക് ഇതുണ്ടാക്കിയ നഷ്ടം ഏകദേശം മുപ്പതിനായിരം കോടി വരുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.



*വര : മാർഷൽ പി മനോജ്*

കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും വിവിധ ഫോഴ്സുകൾ ദുരന്തത്തെ നേരിടാൻ സജ്ജരായി. മാത്രമല്ല, കേരള ജനത ഒന്നടങ്കം ലോകത്തിനു തന്നെ മാതൃകയാകാൻ തക്ക ഒരുമയും പാരസ്പര്യവും പ്രദർശിപ്പിച്ചു. ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ടത് കേരളതീരത്തെ മത്സ്യത്തൊഴിലാളികളുടെ സേവനമാണ്. കേരളത്തിന്റെ സ്വന്തം സൈന്യം എന്നാണ് മുഖ്യമന്ത്രി നമ്മുടെ മത്സ്യത്തൊഴിലാളി സഹോദരങ്ങളെ വിശേഷിപ്പിച്ചത്. ഇതോടൊപ്പം ലോകം മുഴുവന്റെയും പ്രാർഥനയും സ്നേഹവും നമ്മോടൊപ്പം ഉണ്ടായിരുന്നു എന്ന വസ്തുത നാം നന്ദിയോടെ ഓർക്കേണ്ടതുകൂടിയാണ്.

കേരളത്തിന്റെ പുനർ നിർമാണം ഒരു പ്രധാനപ്പെട്ട സംഗതിയാണ്. സമ്പത്തുകൊണ്ടും വസ്തുവകകൾകൊണ്ടും നമ്മുടെ സഹോദരങ്ങളെ നാം സഹായിക്കേണ്ടിയിരിക്കുന്നു. വീട് നഷ്ടപ്പെട്ട പതിനായിരങ്ങൾ നമ്മുടെ ഇടയിലുണ്ട്. ജീവിത മാർഗം നഷ്ടപ്പെട്ടവർ, ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ടവർ ഇവരെ എല്ലാവരെയും സഹായിക്കാനും സംരക്ഷിക്കാനുമുള്ള വിശാലമനസ്കത നമുക്കുണ്ടാകണം. ഒപ്പം സ്വദേശീയരും വിദേശീയരുമായ സുമനസ്സുകളുടെ സഹായവും നാം കണ്ടെത്തണം. അതുവഴി ഒരു നവ കേരള നിർമിതിക്കായി നമുക്ക് അണിചേരാം.



*വെള്ളപ്പൊക്കത്തിൽ രക്ഷാ പ്രവർത്തനം നടത്തുന്നവർ*

# നിങ്ങൾക്കറിയാമോ....

1. പാലിനെ അണുവിമുക്തമാക്കുന്ന പ്രക്രയയ്ക്ക് പറയുന്ന പേര്
   പാസ് ച്വറൈസേഷൻ

2. പേവിഷ ബാധയ്ക്കെതിരെ വാക്സിൻ കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ
   ലൂയിസ് പാസ് ചർ

3. പാലുൽപാദനം വർദ്ധിപ്പിക്കുവാൻ വേണ്ടി 1970 ൽ ഇൻഡ്യയിൽ നടപ്പിലാക്കിയ ബൃഹത് പദ്ധതിയുടെ പേര്
   ധവള വിപ്ലവം

4. നിലവിൽ രാഷ്ട്രങ്ങളിൽ വച്ച് ഏറ്റവും കൂടുതൽ പാലുൽപാദിക്കുന്ന രാജ്യം
   യു എസ് എ

5. പച്ച മുട്ട തുടർച്ചയായി കഴിച്ചാൽ ശരീരത്തിനു ലഭിക്കാതെ വരുന്ന ഒരു വിറ്റാമിൻ ഉണ്ട് . ഏതാണത്
   ബയോട്ടിൻ

6. കാടമുട്ട വിരിയാൻ എത്ര ദിവസം വേണം
   18 ദിവസം

7. ഇന്ത്യയിൽ സിംഹങ്ങൾ കാണപ്പെടുന്നത് എവിടെയാണ്
   ഗിർ ഫോറസറ്റ് നാഷണൽ പാർക്ക് ,ഗുജറാത്ത്

8. ലോക പരിസ്ഥിതി ദിനം എന്നാണ് ആചരിക്കുന്നത് ; ജൂൺ, 5

9. കുരയ്ക്കുവാൻ കഴിവില്ലാത്ത നായ്ക്കളുടെ ഇനം ഏത്
   ബാസൻജി

10. പട്ടുനൂൽ പുഴുകൃഷിക്ക് പറയുന്ന പേര്
    സെറികൾച്ചർ

11. മത്സ്യങ്ങളെക്കുറിച്ചുള്ള പഠനം ; ഇക്തിയോളജി

12. മിർമിക്കോളജി എന്നാൽ എന്തിനെക്കുറിച്ചുള്ള പഠന ശാഖയാണ്
ഉറുമ്പുകൾ

13. ഒരു കണ്ണ് മാത്രം അടച്ച് ഉറങ്ങുന്ന മത്സ്യം; ഡോൾഫിൻ

14. ഇന്ത്യാ ഗവൺമെൻെറ് വന്യജീവി സംരക്ഷണ നായമം പാസ്സാക്കിയ വർഷം.
1972

15. അന്താരാഷ്ട്ര ജൈവ വൈവിധ്യ ദിനം എന്നാണ് ആചരിക്കുന്നത്
മേയ് 22

16 . കോഴിമുട്ടയുടെ വെള്ളക്കരുവിൽ അടങ്ങിയിരിക്കുന്ന പ്രോട്ടിൻെറ പേര്
ഓവൽ ബുമിൻ

17. ഉരഗങ്ങളെക്കുറിച്ചുള്ള പഠനം ; ഹെർപറ്റോളജി



*ജിയ പി ജിൻസി 9 ഡി*

# THE GOLDEN TOUCH..

**STORY**

This is the story of a very greedy rich man who chanced upon meeting a fairy. The fairy's hair was caught in a few tree branches. Realising he had an opportunity to make even more money, he asked for a wish in return for helping the fairy. He said, 'all that i touch should turn to gold',and his wish was granted by the grateful fairy.



**ANGEL V J 9 C**

The greedy man rushed home to tell his wife and daughter about his new boon, all the while touching stones and pebbles and converting them into gold. Once he got home, his daughter rushed to greet him. As soon as he bend down to scoop her up in his arms, she turned into a gold statue. He realized his folly and spent the rest of his days searching for the fairy to take away his wish.

# അന്നമ്മയുടെ പട്ടി



ആഷ്ന സാബു 10 G

**താ**ഴത്ത് വീട്ടിൽ പൗലോസിന്റെ ഭാര്യയായിരുന്ന അന്നമ്മ. പൗലോസിന്റെ മരണശേഷം അവർ ആ കുടിലിൽ ഒറ്റയ്ക്കാണ്. ആ നിശ്ശബ്ദത അവരെ വല്ലാതെ വീർപ്പുമുട്ടിച്ചു.

അങ്ങനെയിരിക്കെ അന്നമ്മ ഒരു പട്ടിക്കുട്ടിയെ വാങ്ങി. അവൾ അതിനെ ഓമനിച്ചു വളർത്തി. ചന്തു എന്ന് അതിന് പേരുമിട്ടു. ആ പട്ടി വളർന്നു വരുകയും അന്നമ്മയ്ക്ക് അല്ലറ ചില്ലറ സഹായങ്ങൾ ചെയ്യാനും തുടങ്ങി. നാളുകൾ കടന്നുപോയി. ചന്തു വലുതായി. ഇപ്പോൾ അന്നമ്മയുടെ പകുതി പണിയും ചെയ്യുന്നത് അവനാണ്. ചന്തയിൽ പോയ ദിവസവും മീൻ വാങ്ങാൻ അവരെക്കൊണ്ടാകുമായിരുന്നില്ല. അതിനാൽ ആ ജോലി അവൻ ഏറ്റെടുത്തു. ചന്തുവിന്റെ വായിൽ പണം വച്ചുകൊടുത്ത് അവനെ ചന്തയിലേയ്ക്ക് പറഞ്ഞയയ്ക്കും. പോകുന്ന വഴി ആരും ചന്തുവിന്റെ വായിലെ പണം എടുക്കാൻ മുതിരുമായിരുന്നില്ല. ചന്തയിൽ നിന്ന് മീൻ വാങ്ങി അവൻ മടങ്ങും. പിന്നെ അന്നമ്മയുടെ കോഴികളെ കൂട്ടിൽ നിന്ന് തുറന്ന വിടും. തുടങ്ങി അവനെക്കൊണ്ട് പറ്റുന്ന പണിയെല്ലാം അവൻ അന്നമ്മയ്ക്ക് ചെയ്തുകൊടുക്കും. അയലത്തെ വീട്ടുകാർ അവനെ പ്രശംസിക്കാറുണ്ടെങ്കിലും അവൻ അത് കേട്ടില്ലെന്നുവയ്ക്കും.



അങ്ങനെയിരിക്കെ ഒരു ദിവസം അവൻ ചന്തയിൽ പോകുന്ന വഴി രണ്ടുപേർ അവന്റെ വഴിമുടക്കി നിന്നു. അന്നമ്മയുടെ ആങ്ങള ഔസേപ്പായിരുന്നു ഒരാൾ. രണ്ടാമൻ അയാളുടെ കൂട്ടുകാരനാണെന്ന് ചന്തു സംസാരത്തിൽ നിന്നും തിരിച്ചറിഞ്ഞു. ആശാനേ .. ഈ പട്ടിയേതാ? ഇതിന്റെ വായിലിരിക്കുന്ന പണം കണ്ടോ ? ശരിയാണല്ലോ! ഇത് ഞങ്ങടെ പട്ടിയാ. അന്നമ്മ മേടിച്ചു വളർത്തുന്നതാ. അവൻ ചന്തുവിന്റെ വായിൽ നിന്ന് പണമെടുക്കാൻ ശ്രമിച്ചു. അവൻ അന്നമ്മയുടെ വീട്ടിലേയ്ക്ക് തിരികെ ഓടി. കാര്യമറിയാതിരുന്ന അന്നമ്മ മീൻ വാങ്ങാതെ മടങ്ങിയതിന് അവനെ പൊതിരെ തല്ലി. പക്ഷേ അവന് ആ ഉപദ്രവത്തിൽ വേദന ഉള്ളതായി തോന്നിയതേയില്ല. പണം നഷ്ടപ്പെടാതെ താനത് അന്നമ്മയ്ക്ക് തിരിച്ച് കൊടുത്തല്ലോ. ആ സന്തോഷത്തിൽ അന്ന് രാത്രി അവൻ ഉറങ്ങിയതേയില്ല...

# Aloe Vera Drinks Recipe..



Cooking time : 35 minutes
Yield : 2

Ingredients:
- 2 cups of aloe vera pulp
- 1/2 cup Truvia
- 1 cup of water
- 1 cup sweetened aloe vera pulp
- 1 cup of ice.

***Stir all the ingredients together and drink.***

***********

# പ്രകൃതി

**കവിത**

*ഹരിതവർണത്തിൽ കുളിച്ചുനിൽക്കുന്ന*
*അതിമനോഹരമാം പ്രകൃതിയാണെൻേറത്*
*പച്ചവിരിപ്പിൻ ഭംഗികളാൽ നിറഞ്ഞതാണീ നാട്*
*കേരവൃക്ഷങ്ങളാൽ നിറഞ്ഞതാണി പ്രകൃതി*

*പുൽകളും പുഴക്കളും പുൽച്ചാടിയും നിറഞ്ഞ*
*കുടുംബമാണെൻെറ പ്രകൃതി*
*ഭൂമിതൻ ശ്വാസകോശമാം നൽവൃക്ഷങ്ങൾ*
*നിറഞ്ഞതാണീ പ്രകൃതി*


*എന്നാൽ സ്വാർത്ഥത നിറഞ്ഞ മനുഷ്യൻ*
*പ്രകൃതിയെ കൊന്നിടുന്നു.*
*പ്രകൃതിതൻ ശോഭ നശിപ്പിച്ചീടുന്നു*
*പ്രകൃതിക്കുമേലേ സ്വാർത്ഥ സമുച്ചയം പണിതിടുന്നു*

*പൂമ്പൊടിതൻ സുഗന്ധം നിറഞ്ഞ പ്രകൃതിമേൽ*
*പൊടിമയം തൻ അളവ് കൂടിടുന്നു*
*ഈ പ്രകൃതിയെ മനുഷ്യൻ നശിപ്പിച്ചീടുന്നു.*

അൽഫോൺസാ 9 E



# SOULFUL WOES



GIANNA SAVIO 8: B

*On far on the other side,*
*Lonely about in the dark hole*
*I cried but no one,*
*I tried but the,*
*Answer was only the Silence...*
*Looking up into the moonlight*
*that comes from the tiny hole,*
*that lays.*
*As an abandoned Cub*
*Looking for clue*
*I peeped into the darkness*
*But not a bit Light*
*Caught my Eyes.*
*My sake has to be torn*
*By others.*
*Yesterday I was a bud*
*Awaiting to bloom*
*But before I can*
*They pinched of my petals*
*And now, I am in a Bag*
*Left in the bushes.*
*On the day before yesterday*
*I was found from,*
*The drainage channels*
*Two days ago,*
*I was a butterfly*
*That was trapped in a bus.*
*Then , they together plucked*
*Off my wings,.*
*Now I am looking for*
*A shelter from those Vultures*
*That awaits to eat me,*
*Now I am afraid of*
*Darkness...*
*Now I fear to fly high,*
*Because of them, who -*
*Tore me into pieces*
*Because just I am a Girl.*

# TIPS FOR SAFE SOCIAL NETWORKING

* Always keep your personal information strictly personal.

* Customize your privacy settings so that others can see only the basic information.

* Just know about and manage your friends. don't trust all the online friends.

* Let your friends know that you are uncomfortable if they post something inappropriate about you .

* Do not publish any information that reveals your identity .

* Always use strong passwords. don't share them with others.

* Never share your pictures , photographs,email accounts, etc,with anyone.

* Keep your personal messages strictly personal. Once posted they are published for ever.

* If ever threatened or bullied seek the help of parents/teachers.



ESHWIN C Y 10 A

# *SAVING OUR NATURE*

*We ought to save the nature*
*Oh, Oh, Oh Who save the land will be immortals....*
*Let's save the nature to give our life back to us*
*EVERY BODY.....EVERY BODY*
*Come forward to save the nature...*

*It's time to stop deforestation.*
*Oh, Oh, Oh Save the nature.*
*We have to save the nature for the next generations...*
*Let's do this together to save the nature..*

SWAROOP JOHN **9:D**



# MOTHER: THE ULTIMATE CARING HANDS...

VOLGA MARY. S 9 :A



Mother is the only one -
Who spokes with the plates and spoons
Before the sunrise...

Mother is the only one -
Who don't receive any rewards
For her services to the nature...

Mother is the only one -
Who shines like a sun,
For her loving and caring...

Mother is the only one -
Who had taken the symbol of a wet rose,
Tells about the difficulties of achieving goals...

Mother is the only one -
Who twinkles in the dark sky
Hidden her sorrows from others...

Last, a question is left....
Who is mother?...
Mother is the only one
Who cares our life,
Who protects us..........

# കാർട്ടൂൺ




**മാർഷൽ പി മനോജ്**



**8 E**

# simple painting



**മാർഷൽ പി മനോജ്**

## *വൈദ്യുതി ഉപയോഗിക്കുമ്പോൾ*

*നമ്മുടെ ദൈനംദിന ജീവിതത്തിലെ ഒരു അവിഭാജ്യ ഘടകമായി മാറിയിരിക്കുകയാണ് വൈദ്യുതി. വൈദ്യുതിയുടെ ഉപയോഗം വർധിച്ചതോടെ അതുമൂലമുള്ള അപകടങ്ങളും വർധിച്ച് വരുന്നു . ഭാരതത്തിൽ മൊത്തമുണ്ടാകുന്ന വൈദ്യുതിയപകടങ്ങളിൽ പത്തു ശതമാനത്തോളവും സംഭവിക്കുന്നത് നമ്മുടെ സംസ്ഥാനത്താണ്. അതിനാൽ സുരക്ഷിതമായി വൈദ്യുതി ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യം പ്രത്യേകം പറയേണ്ടതില്ലല്ലോ .*

### സുരക്ഷ ഉറപ്പാക്കുന്നതിലുള്ള പ്രധാന നിർദേശങ്ങൾ

- നനഞ്ഞ കൈവിരൽ ഉപയോഗിച്ച സ്വിച്ചുകൾ പ്രവർത്തിപ്പിക്കരുത്
- ടേബിൾ ഫാൻ ഉപയോഗിച്ച് തലമുടി ഉണക്കരുത്
- പൊട്ടിക്കിടക്കുന്ന വൈദ്യുതി കമ്പികളിൽ സ്പർശിക്കരുത്
- വൈദ്യുതലൈനുകൾക്ക് സമീപം പട്ടം പറത്തരുത്
- താൽക്കാലിക ലാഭത്തിനായി പ്ലാസ്റ്റിക് വയറുകൾ ഉപയോഗിക്കരുത്
- ഐ.എസ്.ഐ മുദ്രയുള്ള ഉപകരണങ്ങൾ മാത്രം ഉപയോഗിക്കുക
- ആർക്കെങ്കിലും ഷോക്കേൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ മെയിൻ സ്വിച്ച് ഓഫ് ചെയ്യുക

റിനീറ്റ ഇമ്മാനുവൽ 9 D



# പഴഞ്ചൊല്ലുകൾ

"അണ്ണാൻ കുഞ്ഞിനെ മരം കയറ്റം പഠിപ്പിക്കേണ്ട"

"അരിയും തിന്നു ആശാരിച്ചിയേം കടിച്ച് പിന്നേയും നായയ്ക്ക് മുറുമുറുപ്പ്"

"അല്പന് ഐശ്വര്യം വന്നാൽ അർദ്ധരാത്രിയിലും കുടപിടിക്കും"

"ആട് കിടന്നിടത്ത് പൂട പോലുമില്ല"

"ആന കൊടുത്താലും ആശ കൊടുക്കരുത്"

"ആന വായിൽ അമ്പഴങ്ങ"

"ആന മെലിഞ്ഞാലും തൊഴുത്തിൽ  കെട്ടാനൊക്കില്ല"

"അനപ്പുറത്തിരുന്നാൽ  പട്ടിയെ പേടിക്കേണ്ട"

"അണ്ടിയോട് അടുത്താലേ മാങ്ങയുടെ പുളിയറിയൂ"

***ആൻ മേരി*** 9 D



## കേഴുന്ന പുഴ

കളകളാരവം മുഴക്കി ഒഴുകിയെത്തുന്ന
പുഴയെല്ലാം മാലിന്യങ്ങൾ നിറഞ്ഞു കവിയുന്നു
എന്തൊരു ദുരിതമാണീ കാഴ്ചകൾ കാണാൻ
പുഴതൻ തേങ്ങലുകൾ ആരാരും കേട്ടിടാതെ
പുഴതൻ നൊമ്പരങ്ങൾ ആരാരും അറിഞ്ഞീടാതെ
പുഴയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന മനുഷ്യർ നാം.
മാനത്തു പറക്കും കിളികൾ ദുഖിക്കുന്നു
ഭൂമിയിൽ ഇഴയും ജന്തുകൾ ദുഖിക്കുന്നു
എന്താണിതെല്ലാം കണ്ടു മനുഷ്യർ മാറാത്തത് .
ഒരുനാൾ നാട്ടിലെല്ലാം വരൾച്ചവരുകയായി
അന്നു മനുഷ്യർ അറിയുന്നു പോൽ
ജലാശയത്തിൻ വിലയെല്ലാം

ആൻ മരിയ യേശുദാസ് 9 E



## കടങ്കഥകൾ

| | |
|---|---|
| കുത്തിയാൽ മുളക്കില്ല വേലിയിൽ പടരും | ചിതൽ |
| കൈപ്പത്തിപോലെയില വിരലുപോലെ കായ | വെണ്ട |
| കൊമ്പിന്മേൽ തുളയുള്ള കാള | കിണ്ടി |
| ചുണ്ടില്ലങ്കിലും കരയും ചിരിക്കും അട്ടഹസിക്കും | മേഘം |
| ജീവനില്ല കാലുമില്ല ഞാനെത്താത്ത ഇടവുമില്ല<br>എന്നെക്കൂടാതെ നിങ്ങളുടെ ജീവിതം ദുഷ്കരം | നാണയം |
| അടിയിൽ വെട്ടി ഇടയ്ക്ക് കെട്ടി തലയിൽ ചവുട്ടി | നെല്ല് കൊയ്ത്ത് മെതിക്കുന്നത് |
| തോലില്ലാ കുരുവില്ല പഴം<br>തൊട്ടാൽ കൈ നക്കിക്കും പഴം | തീക്കനൽ |
| നീണ്ടു നീണ്ടു മാനം നോക്കി പോകുന്ന<br>പച്ചക്കുപ്പായക്കാരൻ | മുള |

ഡിനി ജോൺ 9 A



## നന്ദി

**പ്രചോദനം പകർന്ന് കൂടെ നിന്നവർക്ക്**
**സൃഷ്ടികൾ നൽകി സഹകരിച്ചവർക്ക്**
**പ്രഥമാധ്യാപകൻ യേശുദാസ് സാറിന്**
**എസ്ഐറ്റിസി സോണിയ ടീച്ചറിന്**
**കൈറ്റ് മാസ്റ്റർമാരായ സിസിലി ടീച്ചറിനും**
**ലെനിൻ സാറിനും**
**എല്ലാ അധ്യാപകർക്കും**
**വിദ്യാർഥി സുഹൃത്തുക്കൾക്കും**
**കൈറ്റ് അംഗങ്ങൾക്കും**
**എല്ലാ സഹൃദയർക്കും**